## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *74 — **01/03/2017-**ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.പി.വി.അൻവർ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അനുവദിക്കുന്ന തുകയും ചുവടെ ചേർക്കുന്നു.<br>1. ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 3,00,000/- രൂപ.<br>2. ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപ<br>3. 5 വർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകളുടെ നവീകരണത്തിനായി ഭവന പുനരുദ്ധാരണ/ അഡീഷണൽ റൂം പദ്ധതി പ്രകാരം 50,000/- രൂപ.<br>4. നിലവിലുള്ള സ്പിൽ ഓവർ പദ്ധതിക്ക പുറമേ 2007-08 മുതൽ 2012-13 വർഷം വരെ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾക്ക് പഴയ നിരക്കിൽ ധനസഹായതുക കൈപ്പറ്റിയിട്ടുള്ളവർക്ക് നിലവിൽ ബാക്കിയുള്ള നിശ്ചിത ഗഡു തുക അധിക ധനസഹായമായി അനുവദിക്കുന്നതിന് 18.02.2017-ലെ (സ.ഉ) (സാധാ) നമ്പർ 494/2017/പജപവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>5. ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന IAY/PMAY പദ്ധതികൾ പ്രകാരമുള്ള വീടുകൾക്ക് 40% തുക പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ നിർമ്മാണം പൂർത്തിയാക്കാത്തതും നിർമ്മാണം ആരംഭിക്കാത്തതുമായ വീടുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | കണക്കാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ (2011 to 2016) കാലത്ത് 24887 വീടുകൾ അനുവദിച്ചതിൽ ആരംഭിച്ചിട്ടില്ലാത്ത 3012 വീടുകൾ ഉൾപ്പെടെ 11003 വീടുകൾ പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്നു. അതിൽ 3833 എണ്ണം ഈ സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. ഇത്തരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് (ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം) പഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് (സെന്റൊന്നിന് 75,000/- രൂപ നിരക്കിൽ) 3.75.000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് (സെന്റൊന്നിന് 1,50,000/- രൂപ നിരക്കിൽ) 4,50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് (സെന്റൊന്നിന് 2,00,000/- രൂപ നിരക്കിൽ) 6,00,000/- രൂപയും അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ